ജനസംഖ്യ വളരെ കുറവാണ് അന്നത്തെ ജനസംഖ്യ അനുസരിച്ചുള്ള സ്റ്റാഫ് പാറ്റേണാണ് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് എല്ലാ ആശുപത്രികളിലും ഇന്ന് നിലനിൽക്കുന്നത്. ജനങ്ങളും രോഗങ്ങളും വർദ്ധിച്ചു. പ്രത്യേകിച്ച് സർക്കാർ ആശുപത്രികളിലെ രോഗികളുടെ എണ്ണവും വർദ്ധിക്കുകയാണ്. ഇപ്പോൾ പെരിന്തൽമണ്ണയിലെ പല പ്രൈവറ്റ് ആശുപത്രികൾക്കും വെല്ലുവിളിയായി പെരിന്തൽമണ്ണ താലൂക്ക് ആശുപത്രി ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ആശുപത്രിയിലുള്ള രോഗികൾക്കനുസൃതമായി നേഴ്സുമാരുടെ സ്റ്റാഫ് പാറ്റേൺ മാറ്റുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ട്. അത് പരിഗണിക്കുന്ന മുറയ്ക്ക് അടുത്ത നടപടികൾ സ്വീകരിക്കാം.

(22) കൊപ്പം ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ പ്ലസ് ടൂ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. സി. പി. മുഹമ്മദ്: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കൊപ്പം അനുദിനം വളർന്നുവരുന്ന ഒരു നഗരപ്രദേശമാണ്. ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ മാത്രമേയുള്ളൂ. അവിടെ വൊക്കേഷണൽ ഹയർ സെക്കന്ററിയുടെ കോഴ്സ് മാത്രമാണുള്ളത്. 3000 കുട്ടികൾ അപേക്ഷിച്ചാൽ പത്തിലൊന്ന് പേർക്കും പ്ലസ് ടൂ പ്രവേശനത്തിന് വഴിയില്ല. തൃശൂർ മുതൽ പുതിയ പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചതിന്റെ മാനദണ്ഡമെന്താണെന്ന് എനിക്കറിയില്ല. പ്ലസ് ടൂ പ്രവേശനമില്ലാതെ വഴിയാധാരമായി നടക്കുന്ന ആയിരക്കണക്കിന് കുട്ടികളുടെ എണ്ണമാണ് മാനദണ്ഡമെങ്കിൽ അങ്ങ് ആദ്യം അനുവദിക്കേണ്ടത് കൊപ്പം ഹൈസ്കൂളിലാണ്. വൊക്കേഷണൽ ഹയർ സെക്കന്ററിയുള്ളിടത്ത് പ്ലസ് ടൂ അനുവദിക്കുന്നില്ല എന്ന് അങ്ങയുടെ ഓഫീസിൽ നിന്നും അറിയാൻ കഴിഞ്ഞു. പക്ഷേ, പല സ്കൂളികളിലും അനുവദിച്ചതായി കാണാൻ കഴിഞ്ഞു. കൊപ്പം ഹൈസ്കൂളിൽ പ്ലസ് ടൂ അനുവദിച്ചില്ലെങ്കിൽ ഒരുപാട് കുട്ടികളുടെ സ്ഥിതി വളരെ ദയനീയമായിരിക്കും. അത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം പരിശോധിക്കുന്നതാണ്. അതേസമയം സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് 178 ഹയർ സെക്കന്ററി സ്കൂളുകൾ പുതിയതായി ഈ ഗവൺമെന്റ് അനുവദിച്ചിരിക്കുകയാണ്. കർശനമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് അനുവദിച്ചിട്ടുള്ളത്. അതിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ജില്ലയിൽ ഒരെണ്ണം, അങ്ങനെയുള്ള യാതൊരു പരിഗണനകളും ഉണ്ടായിട്ടില്ല. ആവശ്യമുള്ളതും കുറവുള്ളതും മലബാർ മേഖലയിലാണ്. ആ പരിഗണനയിലാണ് തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ അനുവദിച്ചത്. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ തീരുമാനങ്ങളെടുത്തത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചകാര്യം പരിശോധിക്കുന്നതും മാനദണ്ഡത്തിൽ എന്തെങ്കിലും വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly